**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോഴിക്കോട് ജില്ല - ബാലുശ്ശേരി ഗ്രാമപഞ്ചായത്ത് 2007-08 വർഷത്തെ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 25,000/- രൂപയ്ക്ക് (ഇരുപത്തി അയ്യായിരം രൂപ മാത്രം) സർക്കാർ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ (സാധാ)നം.939/2019/തസ്വഭവ. തിരുവനന്തപുരം, തീയതി.04.05.2019

---

പരാമർശം:- 1) പഞ്ചായത്ത് ഡയറക്ടറുടെ 22.11.2017 ലെ എം3-34056/17 നമ്പർ കത്ത്.

2) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 13/02/2019 ലെ ഡി.കെ.എസ്.എ./910/2018/പി.റ്റി.3 നമ്പർ കത്ത്.

## ഉത്തരവ്

കോഴിക്കോട് ജില്ലയിലെ ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്, വൃദ്ധർക്ക് 'കാഴ്ച പരിശോധനയും കണ്ണട വിതരണവും' എന്ന പ്രോജക്ടിനുവേണ്ടി 25,000/- രൂപ (കണ്ണട വിതരണം 23,000/- രൂപ, മെഡിക്കൽ ക്യാമ്പ് 2,000/- രൂപ) സർക്കാരിന്റെ മുൻകൂർ അനുമതിയില്ലാതെ ചെലവഴിക്കുകയുണ്ടായി. സർക്കാർ ഉത്തരവ് (എം.എസ്.) നം.183/2007/തസ്വഭവ തീയതി 24.07.2007 പ്രകാരമുള്ള സബ്സിഡി മാർഗ്ഗരേഖയിൽ സബ് സിഡി നൽകാവുന്ന ഇനങ്ങളിൽ കണ്ണട ഉൾപ്പെടാത്തതിനാലും മെഡിക്കൽ ക്യാമ്പിനായി സർക്കാരിൽ നിന്ന് മുൻകൂർ അനുമതിയില്ലാതെ തുക ചെലവഴിച്ചതിനുമാണ് 25,000/- രൂപ ലോക്കൽഫണ്ട് ഓഡിറ്റ് റിപ്പോർട്ട് 2007-08 ഖണ്ഡിക 3.3 പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തിയത്.

2. ഗ്രാമപഞ്ചായത്തിലെ എല്ലാ വിഭാഗങ്ങളിലുംപെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വൃദ്ധജനങ്ങളുടെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനാണ് ക്യാമ്പ് നടത്തിയതും കണ്ണട വിതരണം ചെയ്തതെന്നും, ഈ പദ്ധതി അതിന്റെ പരിപൂർണ്ണലക്ഷ്യം കൈവരിച്ചു എന്നും ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ മേൽ പ്രോജക്ടിന് ചെലവഴിച്ച 25,000/- രൂപയുടെ ചെലവുകൾക്ക് സാധൂകരണം ലഭ്യമാക്കുന്നതിന് 19/05/2017 ന് ചേർന്ന ഭരണസമിതിയോഗത്തിന്റെയും 30/05/2017 ന് നടന്ന ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റിയുടെയും ശുപാർശയോടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

3. ബാലുശ്ശേരി ഗ്രാമപഞ്ചായത്തിലെ വയോജനങ്ങൾക്ക് സ്വന്തമായി യാതൊരുവിധ വരുമാനമില്ലാത്തതും സാമൂഹിക സുരക്ഷിതത്വ പെൻഷൻ വിതരണം സാർവത്രികമാകാത്തതുമായ കാലത്താണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. എല്ലാ വിഭാഗത്തിലുമുള്ള വയോജനങ്ങളുടെ ആരോഗ്യ സംരക്ഷണത്തിനുവേണ്ടി ആയതിനാലും പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാ മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ പരിഗണിച്ചും എന്നാൽ ഭാവിയിൽ സർക്കാർ ഉത്തരവുകളുടെ ലംഘനം ഗൗരവമായ വീഴ്ചയായി വീക്ഷിക്കും എന്നും മുൻകൂർ അനുമതിയോടെ മാത്രമേ ഇത്തരം ചെലവുകൾ മേലിൽ നടത്താവൂ എന്ന വ്യവസ്ഥയോടും കൂടെ ഈ വിഷയത്തിൽ സർക്കാരിന് സാധൂകരണം നൽകാവുന്നതാണ് എന്ന് സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു.

4. ഈ സാഹചര്യത്തിൽ വൃദ്ധർക്ക് 'കാഴ്ച പരിശോധനയും കണ്ണട വിതരണവും' എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് ബാലുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2007-08 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ഖണ്ഡിക 3.3 പ്രകാരം തടസ്സപ്പെടുത്തിയ 25,000/- രൂപയ്ക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനം, ജില്ലാ മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ പരിഗണിച്ചും എന്നാൽ ഭാവിയിൽ സർക്കാർ ഉത്തരവുകളുടെ ലംഘനം ഗൗരവമായ വീഴ്ചയായി വീക്ഷിക്കും എന്നും, മുൻകൂർ അനുമതിയോടെ മാത്രമേ ഇത്തരം ചെലവുകൾ മേലിൽ നടത്താവൂ എന്ന വ്യവസ്ഥയോടും കൂടെ സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**

**വി.എസ്.സന്തോഷ്**
**അണ്ടർ സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സ്റ്റേറ്റ് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്

സെക്രട്ടറി, ബാലുശ്ശേരി ഗ്രാമപഞ്ചായത്ത്, കോഴിക്കോട്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**